**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 721 27.4.2017-ൽ മറുപടിയ്ക്ക്**

# ആശ്രയ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ | | അഡ്വ.കെ.രാജു (വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) | |
| എ) | കെപ്കോയുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന 'ആശ്രയ' പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | എ) | കെപ്കോ ആശ്രയ പദ്ധതിപ്രകാരം തിരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവകൾക്ക് ഓരോരുത്തർക്കും 10 കോഴിയും 10 കിലോ തീറ്റയും 50 രൂപയുടെ മരുന്നും നൽകുന്നു. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസസ് ഓഫീസ് മുഖേന തയ്യാറാക്കി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെയാണ് അയയ്ക്കേണ്ടത്. |
| ബി) | 'ആശ്രയ' പദ്ധതിക്ക് പുറമേ കെപ്കോ വഴി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് ;വിശദാംശങ്ങൾ നൽകുമോ; | ബി) | ആശ്രയ പദ്ധതിക്ക് പുറമേ താഴെ പറയുന്ന പദ്ധതികൾ കൂടി കെപ്കോ നടപ്പിലാക്കി വരുന്നു.<br>1.കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി<br>2.റൂറൽ ബാക്ക് യാർഡ് പദ്ധതി<br>3.കെപ്കോ നഗരപ്രിയ പദ്ധതി<br>4.കുഞ്ഞ് കൈകളിൽ കോഴികുഞ്ഞ് പദ്ധതി<br>5.കോൾ നിലങ്ങളിലെ കോഴി വളർത്തൽ<br>6.പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി.<br>(വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു) |

| | | |
|---|---|---|
| സി) | പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള, കൊല്ലയിൽ, അമ്പൂരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ 'ആശ്രയ' പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ പഞ്ചായത്തിൽ ആശ്രയ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. ആ പഞ്ചായത്തുകളിൽ മുൻഗണനാക്രമത്തിൽ പദ്ധതി നടപ്പാക്കിയതിന് ശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പാറശ്ശാല മണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1.കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി

തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലും 500 വനിതാ ഗുണഭോക്താക്കൾക്ക് ഓരോരുത്തർക്കും 8 കോഴി,5 കിലോ തീറ്റ, 50/- രൂപയുടെ മരുന്ന് എന്നിവ നൽകുന്നു.

### 2.റൂറൽ ബാക്ക് യാർഡ് പദ്ധതി

കേരളത്തിലെ ഗ്രാമപ്രദേശത്തുള്ള തൊഴിൽരഹിതരായ സ്ത്രീകൾക്ക് ഒരു ചെറിയ വരുമാന മാർഗ്ഗമാവുക, കോഴിമുട്ട ഉല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിറുത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് റൂറൽ ബാക്ക് യാർഡ് പൗൾട്രി. സംസ്ഥാനത്തെ ഭൂപ്രകൃതിയും, കൃഷിക്ക് അനുയോജ്യമായ സാഹചര്യവും കണക്കിലെടുത്ത് അടുക്കളമുറ്റത്തെ കോഴി വളർത്തൽ പദ്ധതികളിലൂടെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുകയും, ഇതിന്റെ ഉപഭോക്താക്കളായ വനിതകൾക്ക് ചെറിയ ഒരു വരുമാന മാർഗ്ഗവുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒരു പ്രദേശത്തെ തെരഞ്ഞെടുക്കപ്പെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 500 ഗുണഭോക്താക്കളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. അതിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കും മുൻഗണന നൽകുന്നുണ്ട്. ഓരോ ഗുണഭോക്താവിനും 45 കോഴികൾ, മൂന്ന് ഘട്ടങ്ങളായി വിതരണം ചെയ്യുന്നതാണ്.

### 3.കെപ്കോ നഗരപ്രിയ പദ്ധതി

നഗര പ്രദേശങ്ങളിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൾ നൽകി മുട്ടയുല്പാദനച്ചിലവ് കുറയ്ക്കുക, മാലിന്യ സംസ്കരണത്തിന് ഒരു പരിധി വരെ സഹായിക്കുക, കോഴിവളം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ രൂപം നൽകിയിരിക്കുന്ന നൂതന പദ്ധതിയാണിത്. നഗര പരിധിക്കുള്ളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള കുടുംബങ്ങൾക്ക് എ.പി.എൽ, ബി.പി.എൽ മാനദണ്ഡമില്ലാതെ ഓരോ ഗുണഭോക്താവിനും, 5 കോഴിയും, ആധുനിക രീതിയിലുള്ള കൂടും 5 കിലോ കോഴിത്തീറ്റയും മരുന്നും നൽകുന്നതാണ് ഈ പദ്ധതി.

### 4.കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി

സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക, തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ യു.പി.വിഭാഗത്തിലെ 6,7 സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കും, ഹൈസ്കൂൾ വിഭാഗത്തിലെ 8,9 സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കും ഓരോ കുട്ടിയ്ക്കും 5 കോഴിയും , 5 കിലോ തീറ്റയും, മരുന്നും സൗജന്യമായി ലഭിക്കുന്നു.

**5.കോൾ നിലങ്ങളിലെ കോഴി വളർത്തൽ**

തൃശ്ശൂർ, പൊന്നാനി മേഖലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന കോൾ നിലങ്ങളുടെ വികസനം മുൻനിറുത്തി നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 12 കോഴി, 10 കിലോ കോഴിത്തീറ്റ, 50/- രൂപയുടെ മരുന്ന് എന്നിവ നൽകി വരുന്നു. ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായി 100/- രൂപ അടയ്ക്കേണ്ടതാണ്.

**6.പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി**

പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ കെപ്കോ നടപ്പാക്കുന്ന പ്രത്യേക പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്ന രണ്ട് വിധത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

1.100 മുട്ടക്കോഴികളും, 100 മുട്ടക്കോഴികളെ വളർത്താൻ പര്യാപ്തമായ കൂട്ടം, ഷെഡ് നിർമ്മിക്കുന്നതിന് 14,000/- രൂപയും, 7000/- രൂപ വില വരുന്ന കോഴിത്തീറ്റയും 300 ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു.

2.ഡീപ്പ് ലിറ്റർ രീതി അനുസരിച്ച് കോഴിവളർത്തുന്നതിന് ആവശ്യമായ ഷെഡ് നിർമ്മിക്കുന്നതിനും , ഉപകരണങ്ങൾ വാങ്ങുന്നതിനും, വൈദ്യുതീകരണം, ജലസേചനം എന്നിവ സജ്ജമാക്കുന്നതിനും വേണ്ടി തിരിച്ചടക്കേണ്ടതില്ലാത്ത 6 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ 14 ഗുണഭോക്തൃ യൂണിറ്റുകൾക്കു നൽകുന്നു.

സെക്ഷൻ ഓഫീസർ